നം. കെ6-86543/10/ഡിപിഐ. 

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി: 29-12-2011

## സർക്കുലർ

വിഷയം:- ററി.പി.എ. അക്കൌണ്ട് നിലനിർത്തുന്നത് -സംബന്ധിച്ച്.

സൂചന:- 27-11-2010-ലെ ഗവ: കത്ത് 82530/എസ്.എൽ2/10/ധനവകുപ്പ്

..........

മുൻകാലങ്ങളിൽ പ്രാബല്യത്തിലുണ്ടായിരുന്ന ററി.പി.അക്കൌണ്ടുകൾ ക്ളോസ് ചെയ്ത് തുകകൾ ഗവൺമെന്റ് അക്കൌണ്ടിലേയ്ക്ക് മാററാൻ വേണ്ട നിർദ്ദേശങ്ങൾ പലതവണ ഗവൺമെന്റ് നൽകിയിട്ടും ഇപ്പോഴും ചില സ്ഥാപനങ്ങളിൽ ററി.പി. അക്കൌണ്ട് നിലനിർത്തിയിരിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരിയ്ക്കുകയാണ്. അത്തരം സ്ഥാപനമേലധികാരികളോട് ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്.

ആയതിനാൽ താങ്കളുടെ അധീനതയിലുള്ള ഓഫീസർമാർ ആരെങ്കിലും നിലവിൽ ററി.പി. അക്കൌണ്ട് നിലനിർത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കാരണമെന്ത്, ററി.പി.. അക്കൌണ്ട് നമ്പർ, അതിലുള്ള ബാലൻസ് തുക, എന്തുകൊണ്ട് നാളിതുവരെയായിട്ടും ഈ തുക ഗവൺമെന്റ് അക്കൌണ്ടിലേയ്ക്ക് മാററിയില്ല എന്നുള്ള വിശദീകരണം സഹിതം ഈ സർക്കുലർ കിട്ടി രണ്ടാഴ്ചയ്ക്കുള്ളിൽ അയച്ചുതരണമെന്ന് താൽപ്പര്യപ്പെടുന്നു. ഗവൺമെന്റിലേയ്ക്ക് അടിയന്തിരമായി റിപ്പോർട്ട് നൽകേണ്ടതിനാൽ സമയപരിധി കൃത്യമായും പാലിക്കേണ്ടതാണെന്നും ഇതിനാൽ അറിയിക്കുന്നു.

ഒപ്പ്/-
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി